**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1278** **01-02-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ വേങ്ങോടി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് കെട്ടിട വിഭാഗം നിർമാണ ചുമതല നിർവഹിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ വേങ്ങോടി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം, മരുതറോഡ് വി.എച്ച്.എസ്.ഇ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ രണ്ട് പ്രവൃത്തികളും എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (എ) | മലമ്പുഴ നിയോജകമണ്ഡലത്തിലെ വെങ്ങോടി ജി.എൽ.പി സ്കൂൾ കെട്ടിട നിർമ്മാണം, മരുതറോഡ് വി.എച്ച്.എസ്.ഇ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. <u>വെങ്ങോടി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം</u><br><br>പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മാണ ചുമതല വഹിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ വെങ്ങോടി ജി.എൽ.പി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 08.11.2023-ന് ഉടമ്പടി വയ്ക്കുകയും തുടർന്ന് 18.11.2023-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിൽ അവിടെ ഉണ്ടായിരുന്ന പഴയ സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റിയിട്ടുണ്ട്. മിക്സ് ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കുന്നതാണ്. ഈ പ്രവൃത്തി ഉടമ്പടി പ്രകാരം 18 മാസത്തിനുള്ളിലാണ് പൂർത്തീകരിക്കേണ്ടത് (17.05.2025).<br><br>2. <u>മരുത റോഡ് വി.എച്ച്.എസ്.ഇ കെട്ടിട നിർമ്മാണം.</u><br><br>ഈ പ്രവൃത്തിയ്ക്ക് വേണ്ടി കരാറുകാരൻ 20.10.2023-ന് ഉടമ്പടി വയ്ക്കുകയും തുടർന്ന് 30.10.2023-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. ഫസ്റ്റ് ഫ്ലോർ കോളം വർക്കുകൾ പൂർത്തിയായിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഈ പ്രവൃത്തി ഉടമ്പടി പ്രകാരം 15 മാസത്തിനുള്ളിലാണ് പൂർത്തീകരിക്കേണ്ടത് (29.01.2025). |

സെക്ഷൻ ഓഫീസർ